നം.കെ.എസ്.എ.പി.റ്റി.എ.പി.6 / 1109/2017 തീയതി: 16.09.2017

# റാന്നി പഴവങ്ങാടി ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 20.10.2016 മുതൽ 10.08.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 11.08.2017 മുതൽ 22.08.2017 വരെ | ശ്രീ. എൻ. പ്രദീപ് കുമാർ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. പി.ജയപ്രഭ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. വൈ.ഷൈജു, സീനിയർ ഗ്രേഡ് ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | 1) ശ്രീ. അനു .റ്റി.ശമുവേൽ<br>01.04.2016 മുതൽ 20.09.2016 വരെ<br>2) ശ്രീ. അനി സുരേഷ്<br>21.09.2016 മുതൽ 13.10.2016 വരെ<br>3) ശ്രീ. അബ്രഹാം (അനിൽ തുണ്ടിയിൽ)<br>14.10.2016 മുതൽ 31.03.2017 വരെ |

| | |
|---|---|
| സെക്രട്ടറി | 1) ശ്രീ. റ്റി.കെ.കുര്യൻ<br>01.04.2016 മുതൽ 31.05.2016 വരെ<br>2) ശ്രീ. എൻ.സുരേന്ദ്രൻ<br>അസിസ്റ്റന്റ് സെക്രട്ടറി (അധിക ചുമതല)<br>01.06.2016 മുതൽ 04.08.2016 വരെ<br>3) ശ്രീ. സാമുവൽ.എസ്സ്.തോമസ്സ്<br>05.08.2016 മുതൽ 31.03.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2016-17

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ്& പേയ്മെന്റ് | 1-4 |

| | | |
|---|---|---|
| | പത്രിക പ്രകാരം) | |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-7 |
| 8 | തനത് വരുമാനം | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-2<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | വാടക ഈടാക്കിയതിൽ അപാകതകൾ | 2-1 |
| 13 | അഗ്രോ സെന്ററിന്റെ വാടക ഈടാക്കുന്നില്ല | 2-2 |
| 14 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-3 |
| 15 | വസ്തു നികുതി പിരിവിലെ അപാകതകൾ | 2-4 |
| 16 | സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 2-5 |
| | ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 17 | ഇട്ടിയപ്പാറ ബസ് സ്റ്റാന്റിനും തീർത്ഥാടക കേന്ദ്രത്തിനും വേണ്ടി സ്ഥലം ഏറ്റെടുത്തത് - വൻബാദ്ധ്യത – പലിശ പെരുകുന്നു | 3-1 |
| 18 | പട്ടികജാതി കുട്ടികൾക്ക് ലാപ് ടോപ്പ്- വിതരണത്തിലെ അപാകതകൾ | 3-2 |
| 19 | പട്ടികജാതി കുട്ടികൾക്ക് സൈക്കിൾ - പൂർണ്ണമായും വിതരണം ചെയ്തില്ല | 3-3 |
| 20 | വീട് പുനരുദ്ധാരണം- അവശ്യമായ രേഖകളില്ലാതെ സബ്സിഡി നൽകി | 3-4 |
| 21 | കോളനികളിൽ പൈപ്പ് ലൈൻ നീട്ടൽ- പൂർത്തീകരിച്ചില്ല | 3-5 |
| 22 | ഭവന നിർമ്മാണം - അപാകതകൾ | 3-6 |
| 23 | ഓഫീസ് കെട്ടിടത്തിന്റെ വയറിംഗ് തകരാറിൽ - വാങ്ങിയ യു.പി.എസ് മാസങ്ങൾക്ക് ശേഷവും സ്ഥാപിക്കാനായില്ല | 3-7 |
| 24 | കുടുംബശ്രീ യൂണിറ്റുകളുടെ ഗ്രേഡിംഗ് നടത്താതെ റിവോൾവിംഗ് ഫണ്ടിനായി സി.ഡി.എസ്സിന് തുക കൈമാറി | 3-8 |
| 25 | വെള്ളക്കരം ഇനത്തിൽ കുടിശ്ശിക ഒടുക്കാൻ വികസന ഫണ്ട് വിനിയോഗിച്ചു - ക്രമവിരുദ്ധം | 3-9 |
| 26 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതീകരണം, വാട്ടർ കണക്ഷൻ - തുക ഡെപ്പോസിറ്റ് ചെയ്തു - പ്രവൃത്തികൾ ചെയ്തില്ല | 3-10 |

| | | |
|---|---|---|
| 27 | വാർഡിലെ എല്ലാ ഭാഗങ്ങളിലും ചെറിയ അളവിൽ റോഡ് കോൺക്രീറ്റിംഗ് - വികലമായ നിർവ്വഹണം | 3-11 |
| 28 | പങ്കാളിത്ത പെൻഷൻ ബാധകമാക്കിയ ജീവനക്കാരുടെ പെൻഷൻ വിഹിതം തനതു ഫണ്ടിൽ സൂക്ഷിക്കുന്നു | 3-12 |
| 29 | പെൻഷൻ തുക തിരിച്ചടച്ചത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കിയില്ല | 3-13 |
| | ഭാഗം-4 | |
| 30 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 31 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 33 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 03.03.2016 തീയതിയിലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2016-17

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+) / (-) |
| മുന്നിരിപ്പ് | 36544426 | 14188872 | | 22355554 | (-)61.17 |
| വരവ് | 96670999 | 56804040 | | 39866959 | (-)41.24 |
| ആകെ | 133215425 | 70992912 | | 62222513 | (-)46.71 |
| ചെലവ് | 125961814 | 47576766 | | 78385048 | (-)62.22 |
| നീക്കിയിരിപ്പ് | 7253611 | 23416146 | 16162535 | | (+)222.82 |

യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇത് വ്യക്തമാക്കുന്നത്

വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണെന്ന് പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 (3) ൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മുൻ വർഷത്തെ യഥാർത്ഥ ഡിമാന്റിൽനിന്നും വ്യതിചലിച്ചാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നതെന്ന് മേൽപട്ടികയിൽ നിന്നും വ്യക്തമാണ്. ഇതിനുള്ള

വിശദീകരണങ്ങളൊന്നും തന്നെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2016 | 17.07.2016 |

## 1-3 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഓഡിറ്റ് വർഷത്തെ ധനകാര്യപത്രിക നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകളുടെ വിവരം താഴെ ചേർക്കുന്നു.

I. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുള്ള ഭൂമിയുടെ വില കേവലം 42440/- രൂപയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന ഹൈവേയോട് ചേർന്ന് കിടക്കുന്ന ബസ് സ്റ്റാന്റ് ഉൾപ്പെടെ നിരവധി സ്ഥലങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുണ്ടെന്നിരിക്കെ ഭൂമിവില കണക്കാക്കിയത് തെറ്റാണ്.

II. ഷെഡ്യൂൾ ബി.4 – ബാദ്ധ്യതയായി കാണിച്ചിട്ടുള്ള 742960/- രൂപയുടെ കൃത്യമായ കണക്കുകൾ എഴുതി സൂക്ഷിക്കുന്നില്ല.

III. ഷെഡ്യൂൾ ബി.9 – ചുവടെ ചേർക്കുന്ന ബാദ്ധ്യതയായി കാണിച്ചിട്ടുള്ള തുകളുടെ കൃത്യത തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

1. Recoveries Payable -Other Recoveries from Empoyees- 56830/-

2. Recoveries Payable- Value Added Tax-121751/-

3. Recoveries Payable- KCWWF- 12199/-

4. Government and other Dues Payable – 1154836/-

5. Refunds Payable- Others – 15040/-

6.Advance Collection of Revenues- Profession tax- 133010/-

7.Advance Collection of Revenues – Rent from buildings- 53450/-

8. Advance Collection of Revenues-Bus Stand Receipts- -198500 /-

V. ഷെഡ്യൂൾ ബി.15 -വാടക- കുടിശ്ശിക തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ്& പേയ്മെന്റ് പത്രിക പ്രകാരം)

| ഇനം | 2016-17 |
|---|---|
| മുന്നിരിപ്പ് | 14188872 |
| വരവ് | 56804040 |
| ആകെ | 70992912 |
| ചെലവ് | 47576766 |
| നീക്കിയിരിപ്പ് | 23416146 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരുപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 12708713 | 10514115 | 2194598 | 82.73 |
| വികസനഫണ്ട്(എസ്.സി.പി) | 3358902 | 3358895 | 7 | 99.99 |
| വികസനഫണ്ട്(റ്റി.എസ്.പി) | 180411 | 50000 | 130411 | 27.71 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 5986053 | 4024892 | 1961161 | 67.23 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 3411477 | 1773630 | 1637847 | 51.99 |
| ധനകാര്യകമ്മീഷൻ അവാർഡ് | 7126622 | 5386252 | 1740370 | 75.57 |
| ലോകബാങ്ക് ധനസഹായം | 6051368 | 0 | 6051368 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2016-17 | 173 | 97 | - | 76 | 61.84 |

## 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

എ)മേഖല തിരിച്ചുള്ള പദ്ധതിച്ചെലവ്

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 13 | 6485300 | 9 | 2741182 | 42.26 |
| സേവനം | 60 | 34399726 | 37 | 19135869 | 55.62 |
| പശ്ചാത്തലം | 87 | 15950447 | 51 | 6429337 | 40.30 |
| ആകെ | 160 | 56835473 | 97 | 28306388 | 49.80 |

## 1-8 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷം ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5393396 | 8464297 | 3070901 | (+)56.94 |
| നികുതിയേതര വരവുകൾ | 6416144 | 6110122 | 306022 | (-)4.7 |

| | | | | |
|---|---|---|---|---|
| മറ്റ് വരവുകൾ | 7635915 | 8973388 | 1337473 | (+)17.52 |
| ആകെ | 19445455 | 23547807 | 4102352 | (+)21.10 |

## 1-9 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ അപേക്ഷകളിന്മേൽ തീരുമാനമെടുത്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവയുടെ എണ്ണം | തീരുമാനമെടുക്കാൻ വൈകിയവയുടെ എണ്ണം | നിരസിച്ചവ | കാലതാമസമുണ്ടായതിനു കാരണം |
|---|---|---|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5 | 5 | - | | |
| വിധവാപെൻഷൻ | 71 | 71 | - | 11 | |
| വാർദ്ധക്യകാല പെൻഷൻ | 775 | 715 | 60 | 172 | അന്വേഷണ റിപ്പോർട്ട് വൈകിയതിനാൽ |
| വികലാംഗപെൻഷൻ | 24 | 24 | - | | |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | - | | |
| ആകെ | 877 | 877 | - | | |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.08.2017-ൽ 11.00 AM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 4776/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.07.2017-25.07.2017 | 2017 ഏപ്രിൽ, മെയ് | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.01.2014 | 2008-09 മുതൽ 2012-13 വരെ | 16.04.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക ഈടാക്കിയതിൽ അപാകതകൾ

ഗ്രാമപ്പഞ്ചായത്തിലെ ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ് സ്റ്റാൾ, പുതിയ ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിലെ മുറികൾ ഭരണസമിതിയുടെ 27-02-2016 ലെ 3-ാം നമ്പർ തീരുമാനപ്രകാരം വാടക്കാർക്ക് മുൻവർഷത്തേതിൽ നിന്ന് 5% കൂടുതൽ നിശ്ചയിച്ച് വാടകയ്ക്ക് നൽകിയിരുന്നു. എന്നാൽ എല്ലാ വാടകക്കാരിൽ നിന്നും വാടക പൂർണ്ണമായും ഈടാക്കുന്നതിന് ഗ്രാമപ്പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഈടാക്കാനുള്ള വാടകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം | വാടകക്കാരന്റെ പേരും വിലാസവും | റൂം നമ്പർ | വാടക ഈടാക്കാനുള്ള കാലയളവ് | ഈടാക്കാനുള്ള വാടക തുക |
|---|---|---|---|---|
| 1 | അനിൽ കുമാർ<br>തടത്തിൽ<br>ചെറുകുളഞ്ഞി | 7 | 2016 ഡിസംബർ മുതൽ 2017 മാർച്ച് വരെ | 2831 x 4 = 11324 |
| 2 | രാമൻ രാഘവൻ<br>പുലിയുറുമ്പുംകോട്ട് | 21 | 2017 ഫെബ്രുവരി മുതൽ 2017 മാർച്ച് വരെ | 4129 x 2 = 8258 |
| 3 | പി ആർ പ്രകാശ്<br>പാറക്കനാലിൽ | RC 3 | 2017 ജനുവരി മുതൽ 2017 മാർച്ച് വരെ | 11258 x 3 = 33774 |
| 4 | കെ ഡി ജയിംസ്<br>പൂണിയിൽ | 18 | 2017 ഫെബ്രുവരി മുതൽ 2017 മാർച്ച് വരെ | 5044 x 2 = 10088 |
| 5 | സാം റ്റി മാത്യു<br>തെങ്ങുംതോട്ടത്തിൽ | 19 | 2017 മാർച്ച് | 5182 x 1 = 5182 |
| | | | ആകെ | 68626 |

2) മാർക്കറ്റ് സ്റ്റാൾ

മാർക്കറ്റിലെ സ്റ്റാളുകളുടെ തറവാടക വാർഷികമായാണ് നിശ്ചയിച്ചിട്ടുള്ളത്.

| ക്രമ നം | വാടകക്കാരന്റെ പേരും വിലാസവും | റൂം നമ്പർ | വാടക ഈടാക്കാനുള്ള കാലയളവ് | ഈടാക്കാനുള്ള വാടക തുക |
|---|---|---|---|---|
| 1 | രാജു തടത്തിൽ<br>പടയണിപ്പാറ | D1 | 2016-17 സാമ്പത്തിക വർഷം | 50496 |
| 2 | കരിം റാവുത്തർ<br>ഓറത്തർ പി.ഒ<br>ശൂരനാട് | D4 | 2016-17 സാമ്പത്തിക വർഷം | 7006 |
| 3 | ലീലാമ്മ<br>തെങ്ങലിൽ | I(1) | 2016-17 സാമ്പത്തിക വർഷം | 5864 |
| 4 | വിൽസൺ കെ മാത്യു<br>കുളവടയിൽ | J3 | 2016-17 സാമ്പത്തിക വർഷം | 1793 |

| | | | | |
|---|---|---|---|---|
| 5 | സുരേന്ദ്രൻപിള്ള<br>തെങ്ങുംതോപ്പിൽ | കെട്ടിടം IV<br>മുറി 2 | 2016-17<br>സാമ്പത്തിക<br>വർഷം | 7092 |
| 6 | സലിം ഇസ്മയിൽ<br>കുനമാക്കൽ | താൽക്കാലിക<br>സ്റ്റാൾ | 2016-17<br>സാമ്പത്തിക<br>വർഷം | 6285 |
| | | | ആകെ | 78536 |

3) പുതിയ ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം | വാടകക്കാരന്റെ പേരും വിലാസവും | റൂം നമ്പർ | വാടക ഈടാക്കാനുള്ള കാലയളവ് | ഈടാക്കാനുള്ള വാടക തുക |
|---|---|---|---|---|
| 1 | ഷാനി ഫിലി ഐസക്<br>കോട്ടമറ്റം<br>കക്കുടുമൺ | 3 | 2017 മാർച്ച് | 15435 x 1 = 15435 |
| 2 | അരുൺ എസ് നായർ<br>പടകുകാലായിൽ | 10 | 2017 ജനവരി മുതൽ 2017 മാർച്ച് വരെ | 2056 x 3 = 6168 |
| 3 | ലക്ഷ്മിയമ്മ രാജമ്മ<br>പുഷ്പവിലാസം | 16 | 2017 ജനവരി മുതൽ 2017 മാർച്ച് വരെ | 1263 x 3 = 3789 |
| | | | ആകെ | 25392 |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രകാരം ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ് സ്റ്റാൾ, പുതിയ ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിലെ മുറികൾ വാടകയ്ക്ക് നൽകിയ ഇനത്തിൽ 172554 രൂപ ഈടാക്കാൻ അവശേഷിക്കുന്നു. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (നം-7/11-08-2017) വാടക കുടിശ്ശികക്കാർക്ക് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക ഗ്രാമപ്പഞ്ചായത്തിനുണ്ടായ വരവ് നഷ്ടമായി കണക്കാക്കി ആയത് ഉത്തരവാദിയായ സെക്ഷൻ ക്ലർക്ക്, മേൽനോട്ട ചുമതലയുള്ള സൂപ്രണ്ട്, ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 അഗ്രോ സെന്ററിന്റെ വാടക ഈടാക്കുന്നില്ല

ഗ്രാമപ്പഞ്ചായത്തിലെ പുതിയ ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നമ്പർ 2 റാന്നി അഗ്രോ സെന്ററിന് പച്ചക്കറി വ്യാപാരം നടത്തുന്നതിനായി ഭരണസമിതിയുടെ 19/04/2016 ലെ 22-ാം നമ്പർ തീരുമാന പ്രകാരം നൽകി. കൂടാതെ പ്രസ്തുത തീരുമാന പ്രകാരം പി.ഡബ്ല്യു.ഡി നിശ്ചയിക്കുന്ന വാടക അഗ്രോ സെന്ററിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിച്ചു. എന്നാൽ ഓഡിറ്റ് സമയത്തും പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാടക ഈടാക്കി തുടങ്ങിയിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം7/11-08-2017) ലഭ്യമാക്കിയ മറുപടിയിൽ വാടക നിശ്ചയിച്ച് നൽകുന്നതിന് 28-02-2017 ൽ സി3-767/17 നമ്പർ കത്ത് പ്രകാരം പൊതുമരാമത്ത് (ബിൽഡിംഗ് ഡിവിഷൻ) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നുമാണ് അറിയിച്ചത്.

വാടക നിശ്ചയിച്ചുകിട്ടുന്നതിന് പൊതുമരാമത്ത് വകുപ്പിന് അപേക്ഷ സമർപ്പിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് ഗുരുതരമായ കാലതാമസമുണ്ടായി. ഏപ്രിൽ 2016-ൽ എടുത്ത ഒരു ഭരണസമിതി തീരുമാനത്തിന് ഫെബ്രുവരി 2017 ൽ മാത്രമാണ് ഉദ്യോഗസ്ഥർ തുടർനടപടിയെടുത്തത്. കൂടാതെ ഫെബ്രുവരി 2017- ൽ അപേക്ഷ നൽകിയെങ്കിലും യാതൊരുവിധ തുടർനടപടികളും ഗ്രാമപ്പഞ്ചായത്തിന്റെ ഭാഗത്തുനിന്നും പിന്നീടുണ്ടായില്ല. വാടക നിശ്ചയിച്ച് ലഭിക്കാത്തതിനാൽ അഗ്രോസെന്റർ ഇപ്പോഴും വാടക അടവാക്കാതെ സൗജന്യമായി പ്രവർത്തിക്കുന്നു. അഗ്രോ സെന്ററിനോട് ചേർന്നുള്ള റൂം നമ്പർ -3 ന്റെ നിലവിലെ മാസ വാടക 15435 രൂപയാണ്.

വാടക നിശ്ചയിച്ച് കിട്ടാത്ത സാഹചര്യത്തിൽ ഒരു ടോക്കൺ തുക വാടകയായി നിശ്ചയിക്കേണ്ടതും ആയത്

ഈടാക്കുവാൻ ഗ്രാമപ്പഞ്ചായത്തിന് നടപടികൾ സ്വീകരിക്കാവുന്നതുമാണ്. കൂടാതെ പൊതുമരാമത്ത് വകുപ്പിൽ നിന്നും വാടക നിശ്ചയിച്ച് കിട്ടുന്നതിനായി ഭരണസമിതി ക്രിയാത്മകമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

2016-17 സാമ്പത്തിക വർഷം ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളിൽ നിന്നുള്ള റിട്ടേൺ വാങ്ങി സൂക്ഷിക്കുകയോ ഡിമാന്റ് നോട്ടീസ് നൽകുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) തൊഴിൽനികുതി ഈടാക്കാനുള്ള സ്ഥാപനങ്ങൾ

| ക്രമ നം | തൊഴിൽനികുതി ഈടാക്കാനുള്ള സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | ഇൻഡൽ മണി ഗോൾഡ് ലോൺ- ഇട്ടിയപ്പാറ | 2016-17 രണ്ടാം അർദ്ധവർഷം |
| 2 | മുത്തൂറ്റ് മിനി ഫിനാൻസ്- റാന്നി | „ |
| 3 | പോസ്റ്റ് ഓഫീസ്- ഐത്തല | „ |

2) സ്ഥാപന തൊഴിൽനികുതി ഈടാക്കാനുള്ള സ്ഥാപനങ്ങൾ

| ക്രമ നം | തൊഴിൽനികുതി ഈടാക്കാനുള്ള സ്ഥാപനം | കാലയളവ് |
|---|---|---|
| 1 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് | 2016-17 രണ്ടാം അർദ്ധവർഷം |
| 2 | ICICI ബാങ്ക്, റാന്നി | 2016-17 രണ്ടാം അർദ്ധവർഷം |
| 3 | ഇൻഡൽ മണി ഗോൾഡ് ലോൺ- ഇട്ടിയപ്പാറ | „ |
| 4 | മുത്തൂറ്റ് മിനി ഫിനാൻസ്- റാന്നി | „ |
| 5 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്- റാന്നി | 2016-17 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്- മന്ദമരുതി | „ |
| 7 | മുത്തൂറ്റ് എസ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡ്- റാന്നി | 2016-17 രണ്ടാം അർദ്ധവർഷം |
| 8 | കാട്ടൂപുരയിടം ബാങ്ക്- | 2016-17 ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 9 | മുളമൂട്ടിൽ ബാങ്ക്- മക്കപ്പുഴ | „ |
| 10 | മുളമൂട്ടിൽ ബാങ്ക്- മന്ദമരുതി | „ |
| 11 | ഇൻഡസ് ബാങ്ക്- മാമുക്ക് | „ |
| 12 | സൗത്ത് ഇൻഡ്യൻ ബാങ്ക്- മാമുക്ക | .. |

അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം. 10/17 തീയതി. 18.8.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. മുകളിൽ ചൂണ്ടിക്കാട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ പിഴപ്പലിശ സഹിതം ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-4 വസ്തു നികുതി പിരിവിലെ അപാകതകൾ

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ മൂന്ന് മൊബൈൽ ടവറുകളാണ് ഉള്ളത്. പുതിയ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം ടവറുകളുടെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ആയത് ഈടാക്കി തുടങ്ങിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ടവറിന്റെ വിവരം | വാർഡ് നമ്പർ/കെട്ടിട നമ്പർ | നിർണ്ണയിച്ച നികുതി |
|---|---|---|---|
| 1 | മാനേജർ<br>ഇൻഡസ് ടവേഴ്സ് | 3/537 | 31000 |
| 2 | മാനേജർ<br>ഇൻഡസ് ടവേഴ്സ് | 10/293 | 27450 |
| 3 | ഐഡിയ സെല്ലുലർ | 1/49 | 23520 |
| 4 | ബി.എസ്.എൻ.എൽ | 2/269 | 2520 |
| 5 | വൊഡാഫോൺ | 2/544 | 26880 |
| 6 | ഐഡിയ സെല്ലുലർ | 9/529 | 6300 |
| 7 | ടാറ്റാ ടവർ | 14/812 | 36960 |
| 8 | ഐഡിയ സെല്ലുലർ | 13/749 | 29296 |
| 9 | ബി എസ് എൻ എൽ | 13/773 | 7800 |

01-04-2013 മുതൽ പുതുക്കിയ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-5 സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ രണ്ട് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 2011- ലെ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം പ്രസ്തുത സ്ഥാപനങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്തുവെങ്കിലും പുതിയ നിരക്കിൽ ഈടാക്കി തുടങ്ങിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | വാർഡ് നം/ കെട്ടിട നം | നിർണ്ണയിച്ച നികുതി |
|---|---|---|---|
| 1 | സെന്റ് മേരീസ് സീനിയർ സെക്കന്ററി സ്കൂൾ<br>പഴവങ്ങാടി | 15/1013 | 8532 |
| 2 | സെന്റ് മേരീസ് സീനിയർ സെക്കന്ററി സ്കൂൾ<br>പഴവങ്ങാടി | 15/1011 | 4796 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇട്ടിയപ്പാറ ബസ് സ്റ്റാന്റിനും തീർത്ഥാടക കേന്ദ്രത്തിനും വേണ്ടി സ്ഥലം ഏറ്റെടുത്തത് - വൻബാദ്ധ്യത - പലിശ പെരുകുന്നു

ഇട്ടിയപ്പാറ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിനും ശബരിമല തീർത്ഥാടക കേന്ദ്രത്തിനും വേണ്ടി വിവിധ വ്യക്തികളിൽ നിന്ന് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് (കൂടുതൽ വില ആവശ്യപ്പെട്ട) വ്യക്തികൾ പത്തനംതിട്ട സബ്കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്യുകയും, കോടതിവിധി അനുസരിച്ച് പത്തനംതിട്ട എൽ.എ തഹസിൽദാരുടെ 28-9-16 ലെ കണക്കുവിവര പത്രിക പ്രകാരം ബാദ്ധ്യതത്തുക നിശ്ചയിച്ച് ഒടുക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ | എൽ.എ | സ്ഥലം ആരിൽ | സർവ്വേ നമ്പർ | ഏറ്റെടുത്ത | ബാദ്ധ്യതത്തുക |
|---|---|---|---|---|---|

| നമ്പർ | നമ്പർ, കേസ് നമ്പർ | നിന്ന് ഏറ്റെടുത്തു എന്നതിന്റെ വിവരം | | സ്ഥലത്തിന്റെ വിസ്തൃതി | |
|---|---|---|---|---|---|
| 1 | 70/11<br>EP21/07 | ജോജി ജോസഫ്, കണ്ണന്താനത്ത് | 258/8-1-1,<br>258/9-1-1 | 10.57 ആർ | 5001667<br>(31-10-16 വരെ) |
| 2 | 72/11<br>EP 21/07 | എബി ജോസഫ്, കണ്ണന്താനത്ത് | 258/8-1-2,<br>258/9-1-2 | 10.58 ആർ | 5006399<br>(31-10-16 വരെ) |
| 3 | 74/11<br>EP 21/07 | ലീന പീറ്റർ, രേഖ പീറ്റർ, ബെനഡിക്റ്റ് നഗർ, നാലാഞ്ചിറ, തിരുവനന്തപുരം | 258/8, 258/9 | 21.15 ആർ | 10008067<br>(31-10-16 വരെ) |
| 4 | 86/11<br>EP 33/15 | ജേക്കബ് കുരുവിള, ആറൊന്നിൽ, പഴവങ്ങാടി | 258/8-4-4 | 5.7 ആർ | 3716861<br>(30-8-17 വരെ) |
| 5 | 71/11<br>EP 32/15 | ഒ.റ്റി.മാത്തുക്കുട്ടി | ലഭ്യമാക്കിയില്ല | 5.4 ആർ | 4484562<br>(31-10-16 വരെ) |
| ആകെ | | | | | 28217556 |

ശബരിമല തീർത്ഥാടക കേന്ദ്രം, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റ് എന്നിവയ്ക്കായി മാന്ദ്യവിരുദ്ധപാക്കേജിൽ ഉൾപ്പെടുത്തി 72.69 ലക്ഷം രൂപ പ്രസ്തുത പദ്ധതികളുടെ സ്ഥലമെടുപ്പിന് വേണ്ടി അനുവദിച്ച് ജി.ഒ.(ആർ.ടി) 1748/10/ പൊ.മ.വ തീയതി 20-11-10 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ അനുവദിച്ച തുക ലഭിച്ചിരുന്നോ എന്ന് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ, ഏറ്റെടുത്ത സ്ഥലത്തിന് നിശ്ചയിച്ച വില, പൊന്നുംവിലനടപടികളുടെ വിവരം, അധികവില ആവശ്യപ്പെട്ട് വ്യക്തികൾ കോടതിയിൽ നൽകിയ പെറ്റീഷനിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി, കോടതി വിധിയുടെ പകർപ്പ് എന്നിവ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 14 തീയതി 22-8-17) മറുപടിയോ ആവശ്യപ്പെട്ട രേഖകളോ ഹാജരാക്കിയില്ല. സൊളേഷ്യം നൽകുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മറ്റി ഏകകണ്ഠമായി തീരുമാനം എടുത്തിരുന്നോ എന്ന് ബോദ്ധ്യപ്പെടുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ സൊളേഷ്യം നൽകുന്നതിനെ സംബന്ധിച്ച കൃത്യത ഓഡിറ്റിന് ബോദ്ധ്യപ്പെട്ടിട്ടില്ല,

വസ്തുവിന്റെ വർദ്ധിപ്പിച്ച വില, 30% സൊളേഷ്യം, നാളിതുവരെയുള്ള പലിശ എന്നീ ഇനങ്ങളിലാണ് ബാദ്ധ്യതത്തുക നിർണ്ണയിച്ചത്. 15 % നിരക്കിലാണ് ബാദ്ധ്യതത്തുകയ്ക്ക് നിലവിൽ പലിശ കണക്കാക്കി വരുന്നത്. വർഷങ്ങളായി അവാർഡ് തുക ഒടുക്കാതെ തുടർന്നത് മൂലമാണ് പലിശ സഹിതം ഇത്ര ഭീമമായ തുക ബാദ്ധ്യത ആയി മാറിയത്. ഈ വിഷയത്തിൽ നടപടിയൊന്നും സ്വീകരിക്കാതെ ഭരണസമിതി നിസ്സംഗത പാലിച്ചുവരുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിനും ശബരിമല തീർത്ഥാടക കേന്ദ്രത്തിനും സ്ഥലം ഏറ്റെടുത്തത് വഴിയുണ്ടായ ബാദ്ധ്യത ആയതിനാൽ ആയത് തീർപ്പാക്കുന്നതിന് സർക്കാർ തലത്തിൽ അടിയന്തിര നടപടി സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു. ബാദ്ധ്യത യഥാസമയം തീർപ്പാക്കുന്നതിൽ വീഴ്ച വരുത്തിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## 3-2 പട്ടികജാതി കുട്ടികൾക്ക് ലാപ് ടോപ്പ്- വിതരണത്തിലെ അപാകതകൾ

| പ്രോജക്റ്റിന്റെ നമ്പരും | പട്ടികജാതി കുട്ടികൾക്ക് ലാപ് ടോപ്പ് |
|---|---|

| | |
|---|---|
| പേരും | (54/16-17) |
| വകയിരുത്തിയ തുക | 360000 ( വികസന ഫണ്ട്- എസ്.സി.പി) |
| ചെലവ് തുക | 348460 |
| ബിൽ നമ്പരും തീയതിയും | 248900- ബിൽ നം 13 തീയതി 16-03-2017<br>99560- ബിൽ നം 18 തീയതി 30-03-2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് സെക്രട്ടറി |

2015-16 സാമ്പത്തിക വർഷം പ്രോജക്ടിന് അംഗീകാരം ലഭിച്ചുവെങ്കിലും സ്പിൽ ഓവറായി 2016-17 സാമ്പത്തിക വർഷത്തിലാണ് പദ്ധതി നിർവ്വഹണം പൂർത്തീകരിച്ചത്. ടെണ്ടർ നടപടി പ്രകാരം ആൻടി കോം സിസ്റ്റംസ്, റാന്നി എന്ന സ്ഥാപനത്തിൽ നിന്നുമാണ് ലാപ് ടോപ്പ് വാങ്ങിയത്. ഒരു ലാപ് ടോപ്പിന് 24890 രൂപ (ടാക്സ് ഉൾപ്പെടെ) എന്ന നിരക്കിൽ 14 ലാപ് ടോപ്പുകളാണ് വാങ്ങിയത്. എന്നാൽ വാങ്ങിയവയിൽ 12 എണ്ണം മാത്രമാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളത്. രണ്ട് എണ്ണം വിതരണം നടത്താതെ ഇപ്പോഴും അവശേഷിക്കുന്നു. കൂടാതെ അർഹതയില്ലാത്തവർക്കും ലാപ് ടോപ്പ് വിതരണം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | അപാകത |
|---|---|---|
| 1 | സ്നേഹ. വി. സതീശൻ<br>വാസന്തി നിലയം<br>ചാവരുപാറ<br>റാന്നി പഴവങ്ങാടി | പത്തനംതിട്ട KIIT Campus എന്ന സ്ഥാപനത്തിൽ PGDCA വിദ്യാർത്ഥിനിയാണ്. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിലാണ് പഠനം നടത്തുന്നത്. |

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്) 4/16 തീയതി 11.1.2016) പ്രകാരം പ്രൊഫഷണൽ കോളേജുകളിലോ ഡിഗ്രി കോഴ്സിനോ പഠനം നടത്തുന്ന കുട്ടികൾക്ക് മാത്രമെ ആനുകൂല്യം നൽകാൻ സാധിക്കുകയുള്ളൂ. ആയതിന് വിരുദ്ധമായി സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠനം നടത്തുന്ന വിദ്യാർത്ഥിനിയ്ക്ക് ആനുകൂല്യം നൽകിയിരിക്കുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം-9/18-08-2017) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ക്രമ നം-1 പ്രകാരമുള്ള വിദ്യാർത്ഥിനിക്ക് ആനുകൂല്യം നൽകിയത് പൂർണ്ണമായും മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ ആയതിന് ചെലവിട്ട 24890 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

വിതരണം ചെയ്യാതെ ഗ്രാമപ്പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രണ്ട് ലാപ് ടോപ്പുകൾ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം നടത്തേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ആയതിന് ചെലവിട്ട 49780 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 3-3 പട്ടികജാതി കുട്ടികൾക്ക് സൈക്കിൾ - വിതരണം പൂർത്തീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | പട്ടികജാതി കുട്ടികൾക്ക് സൈക്കിൾ (50/16-17) |
| വകയിരുത്തിയ തുക | 120000 (വികസന ഫണ്ട്- എസ്.സി.പി) |
| ചെലവ് തുക | 67935 |
| ബിൽ നമ്പരും തീയതിയും | 67935 - ബിൽ നം 23 തീയതി 31-03-2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് സെക്രട്ടറി |

ടെണ്ടർ നടപടി പ്രകാരം സൈക്കിൾ ആൻഡ് മോട്ടോർ ട്രെഡേഴ്സ്, പത്തനംതിട്ട എന്ന സ്ഥാപനത്തിൽ നിന്നുമാണ് സൈക്കിൾ വാങ്ങിയത്. ഒരു സൈക്കിളിന് 3996.18 രൂപ (ടാക്സ് ഉൾപ്പെടെ) എന്ന നിരക്കിൽ 17 എണ്ണമാണ് വാങ്ങിയത്. എന്നാൽ വാങ്ങിയവയിൽ 15 എണ്ണം മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. രണ്ടെണ്ണം വിതരണം ചെയ്യാതെ അവശേഷിക്കുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം-9/18-08-2017) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. വിതരണം ചെയ്യാതെ ഗ്രാമപ്പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രണ്ട് സൈക്കിളുകൾ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം നടത്തേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ആയതിന് ചെലവിട്ട 7992 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 വീട് പുനരുദ്ധാരണം- അവശ്യമായ രേഖകളില്ലാതെ സബ്സിഡി നൽകി

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | വീട് പുനരുദ്ധാരണം (99/16-17) |
| വകയിരുത്തിയ തുക | 500000 (വികസന ഫണ്ട്- എസ്.സി.പി) |
| ചെലവ് തുക | 500000 |
| ബിൽ നമ്പരും തീയതിയും | 30000- ബിൽ നം 5 തീയതി 28-02-2017<br>120000- ബിൽ നം 10 തീയതി 16-03-2017<br>75000 - ബിൽ നം 13 തീയതി 22-08-2017<br>25000 - ബിൽ നം 20 തീയതി 30-03-2017<br>250000- ബിൽ നം 22 തീയതി 31-03-2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് സെക്രട്ടറി |

പ്രോജക്ട് പ്രകാരം 10 ഗുണഭോക്താക്കൾക്ക് 50000 രൂപ വീതം വീട് പുനരുദ്ധാരണത്തിന് സബ്സിഡിയായി അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകി. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം വീടിന്റെ പുനരുദ്ധാരണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും എൽ.എസ്.ജി.ഡി എഞ്ചിനീയർ അളവ് എടുത്തശേഷം മാത്രം സബ്സിഡി നൽകേണ്ടതുമാണ്. എന്നാൽ ആയതിന് വിരുദ്ധമായി എസ്റ്റിമേറ്റ്, വാല്യുവേഷൻ ഇവയുടെ അടിസ്ഥാനത്തിലല്ല 6 ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക |
|---|---|---|
| 1 | ഉഷാ ചന്ദ്രാനന്ദൻ<br>താന്നിമൂട്ടിൽ<br>മക്കപ്പുഴ പി ഒ | 50000 |
| 2 | സി സി രാജൻ<br>ചാലുങ്കൽ | 50000 |

| | | |
|---|---|---|
| | ചെല്ലക്കാട് പി ഒ | |
| 3 | കൃഷ്ണൻ സി ആർ<br>ചേന്നമല<br>മക്കപ്പുഴ പി ഒ | 50000 |
| 4 | മണി ഒ ബി<br>ഉള്ളാട്ടിൽ<br>മോതിര വയൽ | 50000 |
| 5 | വിജയകുമാർ<br>മണ്ണുങ്കൽ<br>കരികുളം പി ഒ | 50000 |
| 6 | നാരായണൻ<br>വെള്ളമ്പശ്ശേരിൽ | 50000 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം-9/18-08-2017) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. അവശ്യമായ രേഖകൾ ഉറപ്പുവരുത്താതെ സബ്സിഡി നൽകിയ സാഹചര്യത്തിൽ 6 ഗുണഭോക്താക്കൾക്കായി ചെലവിട്ട 300000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 കോളനികളിൽ പൈപ്പ് ലൈൻ നീട്ടൽ- പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | പട്ടികജാതി കോളനികളിൽ പൈപ്പലൈൻ നീട്ടൽ (192/16-17) |
| വകയിരുത്തിയ തുക | 259000 ( വികസന ഫണ്ട്- എസ്.സി.പി) |
| ചെലവ് തുക | 259000 |
| ബിൽ നമ്പരും തീയതിയും | 259000 - ബിൽ നം 21 തീയതി 31-03-2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് സെക്രട്ടറി |

വിവിധ കോളനികളിൽ പൈപ്പലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനായി 259000 രൂപ അക്കൗണ്ട് ട്രാൻസ്ഫർ മുഖേന പി.എച്ച് ഡിവിഷൻ, കേരള വാട്ടർ അതോറിറ്റി, പത്തനംതിട്ടയിൽ നൽകി. എന്നാൽ സ്ഥാപനവുമായി എഗ്രിമെന്റ് വയ്ക്കാതെയാണ് തുക നൽകിയിട്ടുള്ളത്. കൂടാതെ തുക കൈപ്പറ്റിയതിന്റെ രസീത്, പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധമായ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധമായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം-9/18-08-2017) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് സമയത്തും പ്രവൃത്തിയുടെ നിർവ്വഹണം ആരംഭിച്ചിട്ടില്ല. ചെലവ് തുകയായ 259000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-6 ഭവന നിർമ്മാണം - നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പരും പേരും | ഭവന നിർമ്മാണം (100/16-17) |
| വകയിരുത്തിയ തുക | 2200000 (വികസന ഫണ്ട്- എസ്.സി.പി) |
| ചെലവ് തുക | 1388500 |
| ബിൽ നമ്പരും തീയതിയും | 60000- ബിൽ നം 4 തീയതി 28-02-2017 |

| | |
|---|---|
| | 100000- ബിൽ നം 7 തീയതി 28-02-2017<br>150000 - ബിൽ നം 11 തീയതി 16-03-2017<br>555000 - ബിൽ നം 14 തീയതി 22-03-2017<br>315000- ബിൽ നം 16 തീയതി 30-03-2017<br>208500- ബിൽ നം-21 തീയതി 31-03-2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസ്സിസ്റ്റന്റ് സെക്രട്ടറി |

പ്രസ്തുത പ്രോജക്ട് പ്രകാരം 7 ഗുണഭോക്താക്കൾക്ക് 300000 രൂപ വീതവും ഒരു ഗുണഭോക്താവിന് 100000 രൂപയുമാണ് അടങ്കലായി വകയിരുത്തിയത്. ചെലവ് തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ ഗഡുക്കൾ | ആകെ തുക |
|---|---|---|---|
| 1 | ഉഷാകുമാരി<br>പെരുംതോട്ടത്തിൽ തെക്കേതിൽ<br>ചേത്തക്കൽ പി ഒ | 30000+ 105000+60000 | 195000 |
| 2 | ശ്യാമള കെ<br>മണ്ണുങ്കൽ<br>കരികുളം പി ഒ | 30000+ 105000+60000 | 195000 |
| 3 | അമ്പിളി കെ എസ്<br>കുന്നേൽ<br>ചേത്തക്കൽ പി ഒ | 30000+ 90000+30000+120000 | 270000 |
| 4 | സോമൻ പി കെ<br>പരുത്തിയിൽ<br>ചെറുകുളഞ്ഞി പി ഒ | 30000+ 105000+88500 | 223500 |
| 5 | രാമകൃഷ്ണൻ കെ കെ<br>കോട്ടയ്ക്കൽ | 40000+60000 | 100000 |
| 6 | മുരുകേശൻ എസ് | 30000+ 105000 | 135000 |
| 7 | ഓമന നാരായണൻ<br>മഠത്തിൽ ഭവനം | 30000+ 105000 | 135000 |
| 8 | സുജ കെ കെ<br>കാവിൽ | 135000 | 135000 |
| | | ആകെ | 1388500 |

നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2016-17 വർഷം തുക പൂർണ്ണമായും വകയിരുത്തിയിരുന്നെങ്കിലും ഒരു ഗുണഭോക്താവ് പോലും ഭവനനിർമ്മാണം

പൂർത്തിയാക്കുകയോ തുക പൂർണ്ണമായും കൈപ്പറ്റുകയോ ചെയ്തിട്ടില്ല. എഗ്രിമെന്റ് പ്രകാരം 2016-17 വർഷം തന്നെ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/17, തീയതി. 18.8.2017) മറുപടി ലഭ്യമാക്കിയില്ല. 2017-18 വർഷം പ്രോജക്ട് സ്പിൽ ഓവറാക്കിയിട്ടുള്ള സാഹചര്യത്തിൽ ഭവനനിർമ്മാണം പൂർണ്ണമായും പൂർത്തീകരിച്ച് കംപ്ലീഷൻ രേഖകൾ ഹാജരാക്കേണ്ടതാണ്.

2) ക്രമ നം 5 പ്രകാരമുള്ള ഗുണഭോക്താവിന് 2015-16 വർഷം എഗ്രിമെന്റ് വച്ച് തുക നൽകിയതിന്റെ ബാക്കി തുകയാണ് ടി പ്രോജക്ട് പ്രകാരം നൽകിയിട്ടുള്ളത്. പുതിയ പ്രോജക്ട് പ്രകാരം ടിയാൾക്ക് തുക നൽകി. പ്രസ്തുത അപാകതയ്ക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം 66 ച.മീ വരെയുള്ള ഭവനനിർമ്മാണങ്ങൾക്ക് മാത്രമെ സബ്സിഡി നൽകാൻ സാധിക്കുകയുള്ളൂ. എന്നാൽ ക്രമ നം 2 പ്രകാരമുള്ള ഗുണഭോക്താവിന്റെ 87.61 ച.മീ വിസ്തീർണ്ണമുള്ള ഭവനനിർമ്മാണത്തിനാണ് ഗ്രാമപ്പഞ്ചായത്തിൽ നിന്നും പെർമിറ്റ് (പെർമിറ്റ് നം- 6/17 തീയതി 05-04-2017) നൽകിയിട്ടുള്ളത്. ഇത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ടിയാൾക്ക് നൽകിയ സബ്സിഡി തുകയായ 195000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഒരു ഗുണഭോക്താവ് പോലും ഭവനിർമ്മാണം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ നിരാകരിച്ച തുക ഒഴികെയുള്ള ചെലവ്തുകയായ 1193500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-7 ഓഫീസ് കെട്ടിടത്തിന്റെ വയറിംഗ് തകരാറിൽ - വാങ്ങിയ യു.പി.എസ് മാസങ്ങൾക്ക് ശേഷവും സ്ഥാപിക്കാനായില്ല

പഞ്ചായത്തോഫീസ് കെട്ടിടത്തിലെ ഇലക്ട്രിക് കണക്ഷന്റെ കണക്ടഡ് ലോഡ് ക്രമീകരിക്കാതെ വയറിംഗ് തകരാറായ നിലയിലാണ്. ആയത് പരിഹരിക്കുന്നതിന് നാളിതുവരെ പഞ്ചായത്തധികൃതർ നടപടികളൊന്നും സ്വീകരിക്കപ്പെട്ടില്ല. 2017-18 ൽ മാത്രമാണ് തനത്ഫണ്ട് വകയിരുത്തി ഇതിനായി പദ്ധതി ആവിഷ്കരിച്ചത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗത്തിന് കത്ത് നൽകിയെങ്കിലും ആയത് ഇതേവരെ ലഭ്യമാക്കാത്തതിനാൽ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടില്ല.

(170/17) -ാം നമ്പർ പദ്ധതി പ്രകാരം 157205 രൂപ ചെലവഴിച്ച് 30-12-16 ൽ തിരുവനന്തപുരം കെൽട്രോണിൽ നിന്നും 5 KVA യു.പി.എസ് (10 ട്യൂബുലാർ ബാറ്ററികൾ സഹിതം) വാങ്ങിയെങ്കിലും, കെട്ടിടത്തിന്റെ വയറിംഗ് തകരാർ പരിഹരിക്കാത്തതിനാൽ ഇതേവരെ സ്ഥാപിക്കാനായിട്ടില്ല. ഇത് പഞ്ചായത്തധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-8 കുടുംബശ്രീ യൂണിറ്റുകളുടെ ഗ്രേഡിംഗ് നടത്താതെ റിവോൾവിംഗ് ഫണ്ടിനായി സി.ഡി.എസ്സിന് തുക കൈമാറി

കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതി പ്രകാരം (SO202/17) 1100000 രൂപ വികസനഫണ്ട് പിൻവലിച്ച് സി.ഡി.എസ്സ് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. (ബിൽ നമ്പർ 21/4-3-17) എന്നാൽ കുടുംബശ്രീ തൊഴിൽ സംരംഭക യൂണിറ്റുകളുടെ ഗ്രേഡിംഗ് നടത്തി അർഹമായവയെ കണ്ടെത്തുന്നതിന് ഇതേവരെ നടപടികൾ സ്വീകരിക്കാത്തതിനാൽ ലഭിച്ച തുക വിനിയോഗിക്കാതെ അക്കൗണ്ടിൽത്തന്നെ സൂക്ഷിച്ചിരിക്കുകയാണ്. അർഹമായ യൂണിറ്റുകളെ കണ്ടെത്താതെ പദ്ധതിത്തുക ഇപ്രകാരം മുൻകൂറായി സി.ഡി.എസ്സിന് നൽകിയത് ക്രമവിരുദ്ധമായ നടപടിയാണ്. പദ്ധതിപ്പണം എങ്ങനെയും ചെലവഴിക്കുക എന്ന ഉദ്ദേശ്യത്തോടെ ഫണ്ട് പിൻവലിച്ചത് ഗൗരവതരമായി ഓഡിറ്റ് വിലയിരുത്തുന്നു.

അർഹമായ കുടുംബശ്രീ യൂണിറ്റുകളെ കണ്ടെത്തി ഫണ്ട് ഫലപ്രദമായി വിനിയോഗിക്കേണ്ടതും ആയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ആയതിനാൽ ചെലവുതുക 1100000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 വെള്ളക്കരം ഇനത്തിൽ കുടിശ്ശിക ഒടുക്കാൻ വികസന ഫണ്ട് വിനിയോഗിച്ചു - ക്രമവിരുദ്ധം

തൻവർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പദ്ധതി പ്രകാരം (SO71/17) പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിലുള്ള കുടിശ്ശിക ആയി 1000000 രൂപ വികസനഫണ്ട് വിനിയോഗിച്ച് വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, പത്തനംതിട്ടക്ക് ഒടുക്കിയിട്ടുണ്ട്. (ഡി.ഡി നമ്പർ 813354/ 30-12-16) പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിന് റോഡിതര

മെയിന്റനൻസ് ഗ്രാന്റ് /ജനറൽ പർപ്പസ് ഗ്രാന്റ് / തനത് ഫണ്ട് എന്നിവ വിനിയോഗിക്കുന്നതിനാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. ഇതിന് വികസന ഫണ്ട് വിനിയോഗിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്.

വെള്ളക്കരം ഇനത്തിലുള്ള കുടിശ്ശിക ഒടുക്കുന്നതിന് റോഡിതര മെയിന്റനൻസ് ഗ്രാന്റ് / ജനറൽ പർപ്പസ് ഗ്രാന്റ്/തനത് ഫണ്ട് എന്നിവ വിനിയോഗിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതീകരണം, വാട്ടർ കണക്ഷൻ - തുക ഡെപ്പോസിറ്റ് ചെയ്തു - പ്രവൃത്തികൾ ചെയ്തില്ല

വിവിധ അംഗൻവാടികളുടെയും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെയും വൈദ്യുതീകരണത്തിനും വാട്ടർ കണക്ഷനുമായി തുക യഥാക്രമം പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിഭാഗത്തിലും വാട്ടർ അതോറിറ്റിയിലും ഡെപ്പോസിറ്റ് ചെയ്തെങ്കിലും നാളിതുവരെ പ്രവൃത്തികൾ നിർവ്വഹിക്കപ്പെട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനംപർ | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നംപർ/ എസ്റ്റിമേറ്റ് തുക | അംഗൻവാടികളുടെ വിവരം | ഡെപ്പോസിറ്റ് ചെയ്ത തുക/ നിർവ്വഹണ ഏജൻസി | ബിൽ നമ്പർ/ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | അംഗൻവാടികൾക്ക് വാട്ടർ കണക്ഷൻ S0105/17<br>270000 | ആനത്തടം-നമ്പർ 44,<br>മോതിരവയൽ - നമ്പർ 66,<br>ഇടമൺ (55), ഉരുളേൽ (63),<br>52 കോളനി (64), കരികുളം(62), ചെല്ലക്കാട്(46) | 270000, വാട്ടർ അതോറിറ്റി, പത്തനംതിട്ട | 24 / 27-3-17 | പ്രവൃത്തി ഇതേവരെ ആരംഭിച്ചില്ല. |
| 2 | അംഗൻവാടികളുടെയും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെയും വൈദ്യുതീകരണം S064/17<br>310625 | അംഗൻവാടികൾ - 41,62,63,64<br>പി.എച്ച്. സബ്സെന്റർ പൊക്കണംതുക്ക്, അഞ്ചുകുഴി | 300000<br>പി.ഡബ്ല്യൂ.ഡി (ഇലക്ട്രിക്കൽ വിഭാഗം), പത്തനംതിട്ട | 27/ 29-3-17 | ബാക്കി 10625 രൂപ ഒടുക്കിയില്ല.<br>പ്രവൃത്തി ഇതേവരെ ആരംഭിച്ചില്ല. |

പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 വാർഡിലെ എല്ലാ ഭാഗങ്ങളിലും ചെറിയ അളവിൽ റോഡ് കോൺക്രീറ്റിംഗ് - വികലമായ നിർവ്വഹണം

തീരെ ചെറിയ നീളത്തിൽ റോഡ് കോൺക്രീറ്റിംഗ് ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു. റോഡുകൾ പൂർണ്ണമായും ഗതാഗതയോഗ്യമാക്കാൻ ഉതകുന്ന തരത്തിലല്ല പ്രവൃത്തികൾ ഏറ്റെടുക്കുന്നത് എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ എന്നിവയിൽ നിന്നും വ്യക്തമാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | പ്രവൃത്തിയുടെ പേര്, അടങ്കൽ | കരാറുകാരന്റെ പേര് | പ്രവൃത്തിമൂല്യം | ചെയ്ത അളവ് (നീളം) |
|---|---|---|---|---|
| 1 | ഓലിക്കൽപ്പടി വനത്തുമ്മുറി റോഡ് S0122./17 | അബു മുഹമ്മദ് അലി | 74975 | 26 മീറ്റർ |

| | | | | |
|---|---|---|---|---|
| | 75000 | | | |
| 2 | കൊച്ചമേപ്രത്ത് പടി റോഡ് SO123/17 50000 | റ്റി.ആർ.സുനിൽകുമാർ | 49552.7 | 12.5 മീറ്റർ |
| 3 | തോട്ടഭാഗം ഓലി റോഡ് SO121/17 75000 | റ്റി.ആർ.സുനിൽകുമാർ | 74429.88 | 23.7 മീറ്റർ |
| 4 | ചെത്തോങ്കര മേലേൽപ്പടി - കുളമട നടുക്കേമുറിപ്പടി പുഴിക്കുന്ന് റോഡ് SO136/17 75000 | അബു മുഹമ്മദ് അലി | 74936 | 21 മീറ്റർ |
| 5 | കാഞ്ഞിരത്ത് മല – തോട്ടിൽ റോഡ് കോൺക്രീറ്റിംഗ് SO150/17 100000 | സി.ആർ.രഘു | 99873.3 | 30 മീറ്റർ |

ഓരോ വാർഡിലും ഏറ്റെടുക്കുന്ന റോഡുകൾ പൂർണ്ണമായും ഗതാഗത യോഗ്യമാക്കുന്നതിന് ഉതകുംവിധം പര്യാപ്തമായ അളവിൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഭാവിയിൽ നിർവ്വഹിക്കേണ്ടതാണ്. വാർഡ് വിഭജനം എന്ന സങ്കുചിതമായ കാഴ്ചപ്പാട് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 3-12 പങ്കാളിത്ത പെൻഷൻ ബാധകമാക്കിയ ജീവനക്കാരുടെ പെൻഷൻ വിഹിതം തനതു ഫണ്ടിൽ സൂക്ഷിക്കുന്നു

ധനകാര്യവകുപ്പിന്റെ 29.04.2014 ലെ 152/2014 ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 01.04.2013- ന് ശേഷം സർവ്വീസിൽ പ്രവേശിക്കുന്ന എല്ലാ ജീവനക്കാർക്കും പങ്കാളിത്ത പെൻഷൻ ബാധകമാക്കിയിട്ടുണ്ട്. നിലവിൽ ഗ്രാമപ്പഞ്ചായത്തിൽ പങ്കാളിത്ത പെൻഷൻ ബാധകമായ 4 ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെങ്കിലും അഭിരാം.പി.രാജ് എന്ന ജീവനക്കാരന്റെ വിഹിതം മാത്രമാണ് പെൻഷൻ അക്കൗണ്ടിൽ അടവാക്കുന്നത്. മറ്റു ജീവനക്കാരുടെ പെൻഷൻ വിഹിതം ശമ്പളത്തിൽ നിന്നും വസൂലാക്കിയത് ഗ്രാമപ്പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വാർഷിക കണക്കുകൾ പ്രകാരം 31.03.2017 തീയതിയിൽ ടിയിനത്തിൽ തനതു ഫണ്ടിൽ അവശേഷിക്കുന്നത് 53938 രൂപയാണ്. എന്നാൽ അടവാക്കാനുള്ള തുകയെ സംബന്ധിച്ച വിശദാംശങ്ങൾ ഒന്നും തന്നെ ഗ്രാമപ്പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14 തീയതി. 21.08.2017) മറുപടി ലഭ്യമാക്കിയില്ല.

പങ്കാളിത്ത പെൻഷൻ ഇനത്തിൽ ജീവനക്കാരിൽ നിന്നും പിടിക്കുന്ന തുക, പഞ്ചായത്തിന്റെ വിഹിതം, ഇവ പെൻഷൻ ഫണ്ടിൽ അടവാക്കുന്നതു സംബന്ധിച്ചുള്ള കൃത്യമായ കണക്കുകൾ തയ്യാറാക്കേണ്ടതും ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും വസൂലാക്കിയ തുകയും പഞ്ചായത്ത് വിഹിതവും സർക്കാർ നിഷ്കർച്ചിരിക്കുന്ന ഫണ്ടിൽ നിക്ഷേപിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ വകുപ്പുതല അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-13 പെൻഷൻ തുക തിരിച്ചടച്ചത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കിയില്ല

വാർദ്ധക്യകാല പെൻഷൻ തുക രണ്ടു പ്രാവശ്യം കൈപ്പറ്റിയതുകാരണം 08.08.2016 തീയതിയിൽ 1600/- രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നാളിതുവരെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക്

അടവാക്കിയിട്ടില്ല. ധനവിനിയോഗ മാർഗ്ഗരേഖ ഉത്തരവ് 177/2006/ത.സ്വ.ഭ.വ പ്രകാരം സാമ്പത്തിക വർഷം അവസാനിച്ചു കഴിഞ്ഞാൽ വിനിയോഗിക്കാത്ത പദ്ധതി വിഹിതം കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. അടിയന്തിരമായി വിനിയോഗിക്കാത്ത തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| -ഇല്ല- | | | | | |

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| PWD | അങ്കണവാടി വൈദ്യുതീകരണം | 21601047 | 300000 | - | 300000 |
| KWA | അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ | 21600997 | 270000 | - | 270000 |
| KWA | പട്ടികജാതി സെറ്റിൽമെന്റ് കോളനിയിൽ വാട്ടർ കണക്ഷൻ | 21600997 | 259000 | - | 259000 |

പണി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

| പ്രവൃത്തിയുടെ പേര്/ വർഷം | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം | കൺവീനർ/ കരാറുകാരന്റെ പേര് | പ്രവൃത്തി നടത്താതിരുന്നതിന്റെ കാരണം |
|---|---|---|---|
| ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം | 728925 | സജിത്ത് വർമ്മ | സ്പിൽ ഓവർ പദ്ധതിയായി തുടരുന്നു. |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

2016-17 സാമ്പത്തിക വർഷത്തെ വായ്പ തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ (സാധാ) 560/2010ത സ്വ ഭ വ തീയതി 22.02.10 | 11656500 | 341962 | 341962 | ഇല്ല | 341962 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം സ്ഥിരനിക്ഷേപമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| ഇല്ല | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

| (എ) സംക്ഷിപ്ത വിവരം | വർഷം |
|---|---|
| | 2016-17 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 70992912 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 47576766 |
| വരവിനങ്ങളിലുള്ള നഷ്ടം | 172554 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 219890 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2910272 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 172554 | | ശ്രീ. സാമുവൽ.എസ്സ്.തോമസ്സ്,സെക്രട്ടറി |

| | | | |
|---|---|---|---|
| 3-2 | | 24890 | ശ്രീ. എൻ. സുരേന്ദ്രൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | | 195000 | ശ്രീ. എൻ. സുരേന്ദ്രൻ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | | 219890 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 49780 | ശ്രീ. എൻ.സുരേന്ദ്രൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | 7992 | ശ്രീ. എൻ.സുരേന്ദ്രൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | 300000 | ശ്രീ. എൻ.സുരേന്ദ്രൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | 259000 | ശ്രീ. എൻ.സുരേന്ദ്രൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 1193500 | ശ്രീ. എൻ.സുരേന്ദ്രൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 1100000 | ശ്രീ. സാമുവൽ.എസ്സ്.തോമസ്സ്, സെക്രട്ടറി |
| ആകെ | 2910272 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക |
|---|---|
| ഇല്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എൻ.സുരേന്ദ്രൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>പാലമേൽ ഗ്രാമപ്പഞ്ചായത്ത് | കൊച്ചുവാല്യ പറമ്പിൽ<br>പിലാപ്പുഴ തെക്ക്<br>ഹരിപ്പാട് .പി. ഒ<br>ആലപ്പുഴ |
| ശ്രീ. സാമുവൽ.എസ്സ്.തോമസ്സ്, സെക്രട്ടറി | സെക്രട്ടറി, റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് | നെല്ലിവേലിൽ വീട്, അങ്ങാടി.പി.ഒ. റാന്നി. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി 4/399/98 തീയതി 29-09-00 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 4/340/98 തീയതി 10.02.1999 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/531/98 തീയതി. 10.01.2000/08.02.2000 |
| 1998-99 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി 4/916/07 തീയതി 13-10-08 |
| 1999-2000 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 4/118/01 തീയതി 28.10.2002/07.01.2003 |
| 1999-2000 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി 4/460/08 തീയതി 31.01.09/30.01.2010 |
| 2000-01 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി 4/461/2008 തീയതി 31-01-09 |
| 2000-01 (ജ.ആ.ഒഴികെ ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/81/2006തീയതി 08-08-2006 |
| 2000--01 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി.4/90/2004 തീയതി 10-08-2004 |
| 2001-02(വരവ്) | എൽ.എഫ്.പി.റ്റി.എ-പി4/462/2008 തീയതി 31-01-2009 |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി4/91/2004 തീയതി 10-08-2004 |
| 2001-02 (ജ.ആ.ഒഴികെ ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 4/82/2006 തീയതി 31-08-2006 |
| 2002-03 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ-പി4/463/2008 തീയതി 12-02-2009 |
| 2002-03 (ജ.ആ.ഒഴികെ ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി4/15/2007തീയതി 12-02-2009 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി.5/360/09തീയതി 4-7-10/22-3-11 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.8/944/2010 തീയതി 24-6-11/29-7-11 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി8/945/10 തീയതി24-6-11/29-7-11 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.6/571/12 തീയതി 6-7-12/4-7-13 |

| | |
|---|---|
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി 6/567/12 തീയതി 3-9-12/4-7-13 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി 6/568/12 തീയതി 3-9-12/4-7-13 |
| 2009-10 | എൽ.എഫ്.പി.റ്റി.എ-പി 6/569/12 തീയതി 1-8-12/4-7-13 |
| 2010-11 | എൽ.എഫ്.പി.റ്റി.എ-പി6/570/12 തീയതി 1-8-12/4-7-13 |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ-പി6/411/14 തീയതി 7-6-14/4-6-15 |
| 2013-14 & 2014-15 | എൽ.എഫ്.പി.റ്റി.എ-പി6/166/16 തീയതി 16/03/2016 |
| 2015-16 | കെ.എസ്സ്.എ/പി.റ്റി.എ/പി6/1211/2016 തീയതി 21.11.2016 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്

പത്തനംതിട്ട ജില്ല

# Annexure

# AUDIT CERTIFICATE

Kerala State Audit Department

District Audit Office, Pathanamthitta

Phone : 0468 2223691

e-mail : dopta.ksad@kerala.gov.in

No.KSA/ PTA /P6/1109/2017

Date : 16.09.2017

Certified that I have audited the Annual Financial Statement of Ranny Pazhavangady Grama_Panchayat in Pathanamthitta District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Ranny Pazhavangady Grama_Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit Department

District Office Pathanamthitta

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
ഫോൺ : 0468-2223691
email: dopta.ksad@kerala.gov.in

നം.കെ.എസ്.എ/ പി.റ്റി.എ/പി.6 /1109/2017

തീയതി : 16.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ റാന്നി പഴവങ്ങാടി ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ റാന്നി പഴവങ്ങാടി ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട ജില്ല